**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് – സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്.

സൂചന. ശ്രീമതി. പ്രിയ D/o ബാലസ്വാമി, സ്രാമ്പി കോളനി, വണ്ണാമട എന്നയാൾ

നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 30.01.2024</u>**

മേൽ സൂചന (1) പ്രകാരം ശ്രീമതി. പ്രിയ D/o ബാലസ്വാമി, സ്രാമ്പി കോളനി, വണ്ണാമട, എരുത്തേമ്പതി എന്നയാൾ നവകേരളസദസ്സ് മുഖേന എരുത്തേമ്പതി ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി അനുവദിച്ചു കിട്ടുന്നില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം ടിയാൾ 02/05/2023 തിയ്യതിയിൽ 360/23 നമ്പർ അപേക്ഷ ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു. ആയത് സ്ഥലപരിശോധനയ്ക്കായി 08/05/2023 തിയ്യതി ഗ്രാമ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറിയിരുന്നു. ഫയൽ പരിശോധിച്ചതിൽ ആധാരത്തിലെ അളവുകളും (0.0162 Hector) പ്ലാനിൽ സമർപ്പിച്ചിട്ടുള്ള അളവുകളും (0.016543 Hector) തമ്മിൽ വ്യത്യാസം ഉള്ളതായും, കൂടാതെ സ്ഥലപരിശോധനയിൽ പ്ലോട്ട് അളന്നു തിട്ടപ്പെടുത്തിയപ്പോൾ 0.019341 Hector ആണ് ലഭിച്ചത്, പ്ലോട്ടിന്റെ പടിഞ്ഞാറ് ഭാഗത്ത് പുറംപോക്ക് ചാലും, തെക്ക് ഭാഗത്ത് പി.ഡബ്ല്യു.ഡി. റോഡും ആയതിനാൽ ടി ഭാഗത്തെ boundary കൃത്യമായി അളന്നു തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ആയതുകൊണ്ട് ടി പ്ലോട്ടിന്റെ അതിർത്തികൾ വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കുന്നതിനും site plan, service plan എന്നിവ KPBR 2019 Rule 6(4), (6) പ്രകാരമല്ല പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നും Assistant Engineer, LSGD റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷയിലെ ന്യൂനതകൾ പരിഹരിച്ച് പ്ലാൻ പുനർസമർപ്പിക്കുന്നതിന് കത്ത് നൽകിയിരുന്നെങ്കിലും ആയത് നാളിതുവരെ സമർപ്പിക്കാത്തതിനാലാണ് പെർമിറ്റ് അനുവദിക്കാൻ കഴിയാത്തത് എന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം പെർമിറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : ശ്രീമതി. പ്രിയ D/o ബാലസ്വാമി, സ്രാമ്പി കോളനി, വണ്ണാമട